(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-11/210/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി

തൊടുപുഴ, തീയതി.20.03.2020
PH:04862-227332
E-mail:doikd.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

അടിമാലി ബ്ലോക്ക് പഞ്ചായത്ത്

(സെക്രട്ടറി മുഖേന)

സർ,

വിഷയം :- **അടിമാലി ബ്ലോക്ക് പഞ്ചായത്ത്** 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം-1ലെ** ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

(ഒപ്പ്)

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ഇടുക്കി,പൈനാവ്

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-ഐ.ഡി.കെ-11/210/2020 തിയതി:20.03.2020

# ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 05.03.2019 മുതൽ 22.02.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എട്ട് അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും ഒന്നിനും മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഓഡിറ്റ് നിരീക്ഷണങ്ങൾ സംബന്ധിച്ച ചർച്ചയ്ക്ക് ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ റ്റി എൽ സാംകുട്ടി, |

| | |
|---|---|
| | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.02.2020 മുതൽ 29.02.2020 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ റ്റി എസ് ധനജയൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ വി ജി സജിമോൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ ആർ സാമുവൽ രാജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ജോമോൻ ഫ്രാൻസീസ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ ആർ മുരുകേശൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ പ്രവീൺ വാസു | 01.04.2018 മുതൽ 31.03.2019 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | ഉദ്യോഗസ്ഥൻ | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീ. പി.റ്റി. ദീലീപ് കമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. സുഗതൻ പി ആർ | 01.04.2018 മുതൽ 17.06.2018 വരെ |
| | ശ്രീ. സുജ എ ഡി | 18.06.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സുജിത്ത് പി രാഘവൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട്,<br>താലൂക്ക് ആശുപത്രി അടിമാലി | ഡോ. സത്യബാബു എൻ വി<br>(മെഡിക്കൽ ഓഫീസർ അധിക ചുമതല) | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ,<br>സി എച്ച് സി ചിത്തിരപുരം | ഡോ. ഷെർലിൻ മേരി മാത്യൂ | 01.04.2018 മുതൽ 04.07.2018 വരെ |
| | ഡോ. അമിനാദ് ഷഹനാസ് | 05.07.2018 മുതൽ 10.08.2018 വരെ |
| | ഡോ. ഷരുൺ ജോർജ് മാമൻ | 11.08.2018 മുതൽ 31.03.2019 വരെ |
| സി ഡി പി ഒ | ശ്രീമതി പിങ്കി കെ അഗസ്റ്റിൻ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി വൽസലകുമാരി കെ പി | 01.04.2018 മുതൽ 10.04.2018 വരെ |
| | ശ്രീ പളനി പി | 11.04.2018 മുതൽ 05.08.2018 വെരെ |
| | ശ്രീമതി ഐവി കോശി | 06.08.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ ഷൈൻ എൻ പി | 01.04.2018 മുതൽ 31.03.2019 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി മഞ്ജു ജോർജ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് ഓഫീസർ | ശ്രീ വിജീഷ് എൻ വി | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |

| | | |
|---|---|---|
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കിലെ അപാകതകൾ |
| 12 | 1-12 | കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടില്ലാത്തത് സംബന്ധിച്ച് |
| 13 | 1-13 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - തടസ്സം |
| 14 | 1-14 | ടെണ്ടർ കൂടാതെ ഉപകരണങ്ങൾ വാങ്ങി നൽകി.തടസ്സം |
| 15 | 1-15 | സഹായഹസ്തം-ഡയാലിസിസിന് ധനസഹായം-അനുവദനീയമല്ലാത്ത പദ്ധതി നടപ്പാക്കി തടസ്സം |
| 16 | 1-16 | ജലസേചന പദ്ധതിയുടെ മറവിൽ സ്വകാര്യവ്യക്തികൾക്ക് കുളം നിർമിച്ചു നൽകി |
| 17 | 1-17 | വനിതാകേന്ദ്രങ്ങൾ നിഷ്ക്രിയ ആസ്തികളായി |
| 18 | 1-18 | പ്രധാന മന്ത്രി ആവാസ് യോജന |
| 19 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 20 | 4-2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 21 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 22 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 23 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 24 | 4-6 | സ്ഥിര നിക്ഷേപം |
| 25 | 4-7 | ഓഡിറ്റ് റിക്കവറി |
| 26 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 27 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 28 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 29 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 30 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

23.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 07.05.2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹33430180 |
| വരവ് | ₹78292066 |
| ആകെ | ₹111722246 |
| ചെലവ് | ₹95118652 |
| നീക്കിയിരിപ്പ് | ₹16603594 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 49946761 | 49946761 | 47690361 | 2256400 |
| വികസന ഫണ്ട് റ്റി എസ് പി | 0 | 6859000 | 6859000 | 5515086 | 1343914 |
| വികസന ഫണ്ട് എസ് സി പി | 0 | 9687000 | 9687000 | 9369518 | 317482 |
| വികസന ഫണ്ട് നോൺ റോഡ് | 0 | 5912000 | 5912000 | 5323505 | 588495 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എസ് ജി എസ് വൈ | 151072 | 538 | 156430 | 0 | 156430 |
| ഐ.എ.വൈ. ഗ്രാമപഞ്ചായത്ത് വിഹിതം | 22571785 | 4676052 | 27247837 | 16648762 | 10599075 |
| ഐ.എ.വൈ. ജില്ലാ പഞ്ചായത്ത് വിഹിതം | 3871558 | 370051 | 4241609 | 4241609 | 0 |
| ഐ.എ.വൈ.അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് | 36365 | 240947 | 277312 | 232082 | 45230 |
| സമ്പൂർണ്ണ ശുചിത്വം | 6877 | 244 | 7121 | 0 | 7121 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| സാക്ഷരത | 8967 | 85030 | 93997 | 84000 | 9997 |
| ഗുണഭോക്തൃ വിഹിതം | 113883 | 0 | 113883 | 0 | 113883 |
| എസ് ബി ഐ പലവക | 2331395 | 92134 | 2423529 | 0 | 2423529 |
| പ്രളയ ദുരിതാശ്വാസം | 0 | 41837 | 41837 | 41837 | 0 |
| കില ട്രെയിനിംഗ് | 0 | 35606 | 35606 | 35606 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 0 | 4012000 | 4012000 | 4012000 | 0 |
| ട്രഷറി സേവിംഗ്സ് ബാങ്ക് | 4452161 | 4291739 | 8743900 | 5404458 | 3225559 |
| ക്യാഷ് (31.3.2019) | 0 | 22770 | 22770 | 0 | 22770 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 103613409 | 103 | 68360522 | 0 | 46 | 69.12 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 24 | 18 | 28971105 | 21279544 | 73.45 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 1 | 0 | 1100000 | 0 | 0.0 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 101 | 63 | 50678204 | 27618482 | 54.5 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 1 | 500000 | 441898 | 88.38 |
| മെഡിക്കൽ ഓഫീസർ സി എച്ച് സി | 6 | 6 | 4160840 | 3619248 | 86.98 |
| സി ഡി പി ഒ | 5 | 5 | 3551500 | 3007070 | 84.67 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 4 | 4 | 6204760 | 4710235 | 75.91 |
| പട്ടികജാതി വികസന ഓഫീസർ | 2 | 2 | 2847000 | 2835000 | 99.58 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1000000 | 995000 | 99.50 |
| വെറ്ററിനറി സർജൻ | 1 | 1 | 1300000 | 1054045 | 81.08 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 800000 | 300000 | 37.50 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2500000 | 2500000 | 100.00 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.2.2020ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ല.

## 1-9 ആഭ്യന്തരനിയന്ത്രണം

അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയിൽ രേഖപ്പെടുത്തലുകൾ നടത്തുന്നത് കൃത്യതയില്ലാതെയാണ്. ഉദാഹരണമായി ബാങ്ക് വായ്പയിനത്തിൽ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകൾ യഥാർഥ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാലും, സാംഖ്യ സോഫ്റ്റ് വെയറിലെ തുകയ്ക്ക് കൃത്യതയില്ലാത്തതിനാലും ബാങ്ക് സ്റ്റേറ്റ്മെന്റ് ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തത് 2017-18 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നെങ്കിലും യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.11.2019 മുതൽ 27.11.2019 വരെ | 2018-19 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.10.2019 മുതൽ 18.10.2019 വരെ | 2014-15 മുതൽ 2018-19 വരെ | 11.12.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക കണക്കിൽ ഐ.എ.വൈ. പദ്ധതിക്കായി ₹7,50,000/- ലോൺ എടുത്തിട്ടുള്ളത് പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡിൽ ബുക്ക് ചെയ്യുന്നതിന് പകരം അഡ്വാൻസ് ടു അദർ അക്രെഡിറ്റഡ് ഏജൻസീസ് എന്ന ഹെഡിലാണ് ബുക്ക് ചെയ്തിട്ടുള്ളത്.

2. വാർഷിക കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷം ₹98,27,726/-യുടെ ആസ്തി സൃഷ്ടിച്ചിട്ടുള്ളത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. 2018-19 സാമ്പത്തിക വർഷം വിവിധ ആസ്തികൾക്ക് തേയ്മാനമായി ₹10,05,413/- രേഖപ്പെടുത്തിയിട്ടുള്ളത് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) റൂൾസ്, ചട്ടം 58 പ്രകാരമല്ലാത്തതിനാൽ തുകയുടെ കൃത്യത വ്യക്തമല്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ആസ്തി ബാധ്യത പത്രികയിൽ ഡെപ്പോസിറ്റ് തുകയായ ₹45,194/-ന്റെ കൃത്യത വ്യക്തമല്ല.

## 1-12 കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 25 ൽ അധികം വരുന്ന വനിതാ വികസന കേന്ദ്രങ്ങൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നൽകുന്നില്ല. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടില്ലാത്തത് സംബന്ധിച്ച് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നെങ്കിലും (ഖണ്ഡിക 2-1) കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വാടകയ്ക്ക് നൽകിയിട്ടില്ലാത്തതിനാൽ തന്നെ കെട്ടിടങ്ങൾ പലതും നാശോന്മുഖമായ അവസ്ഥയിലാണ്. ഇത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചപ്പോൾ കെട്ടിടങ്ങളിൽ പലതും വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യമില്ലാത്തവയായതിനാലാണ് വാടകയ്ക്ക് നൽകാനാവാത്തത് എന്ന് വ്യക്തമായി. കെട്ടിടങ്ങൾ നിർമ്മിച്ചപ്പോൾ തന്നെ അടിസ്ഥാന സൗകര്യങ്ങൾ കൂടി ഉറപ്പ് വരുത്തിയിരുന്നെങ്കിൽ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാനാവുമായിരുന്നു. കെട്ടിടങ്ങൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി ആവശ്യമായ പരസ്യം നൽകി വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് അധിക സ്കോളർഷിപ്പ് നൽകി - തടസ്സം

| | |
|---|---|
| നിർവ്വഹണം | പട്ടിക ജാതി വികസന ഓഫീസർ |
| പദ്ധതി | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഉപരി പഠനത്തിന് സ്കോളർഷിപ്പ് നൽകൽ(9/2018-19,164/2018-19) |
| അടങ്കൽ | ₹15,30,000/-(എസ്.സി.പി)<br>₹1317000/- (എസ്.സി.പി) |
| ബിൽ നം, തീയതി – തുക | 1/2018-19,29.10.18 ₹8,10,000/-<br>3/2018-19/29-01-2019- ₹720000/- |

ബ്ലോക്ക് പഞ്ചായത്തിലെ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഉപരി പഠനത്തിന് സ്കോളർഷിപ്പ് നൽകുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത് .

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന മെഡിക്കൽ, എഞ്ചിനിയറിംഗ് വിദ്യാർത്ഥികൾക്ക് ₹30,000/- വീതവും, ബിരുദം, പോളിടെക്നിക്ക് വിദ്യാർത്ഥികൾക്ക് പ്രതിവർഷം ₹20,000/- വീതവും, മറ്റെല്ലാ സർക്കാർ അംഗീകൃത കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം ₹15000/- വീതം ധനസഹായം നൽകുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ (കൈ) 22/2018 (ഖ.7.2.5)പ്രകാരമുള്ള സബ്സിഡി മാർഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്നത്.

എന്നാൽ താഴെ പരാമർശിക്കുന്ന മറ്റ് കോഴ്സുകൾ എന്ന ഗണത്തിൽ പഠിക്കുന്ന 4 ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയപ്പോൾ അർഹമായതിലും ₹5,000/-വീതം കൂടുതലായി ധനസഹായം നല്കിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവ് | പഠിക്കുന്ന കോഴ്സ് | നൽകിയ തുക(₹) | നല്കാവുന്ന തുക(₹) | അധികം നല്കിയ തുക(₹) |
|---|---|---|---|---|---|
| 1 | മേഖല എം<br>ഫാക്ടറി ഡിവിഷൻ<br>പള്ളിവാസൽ എസ്റ്റേറ്റ് | ജനറൽ നേഴ്സിംഗ് | 20000 | 15000 | 5000 |
| 2 | രോഹിനി സ്വേത<br>ആറ്റുക്കാട് ഡിവിഷൻ<br>പള്ളിവാസൽ എസ്റ്റേറ്റ് | ജനറൽ നേഴ്സിംഗ് | 20000 | 15000 | 5000 |
| 3 | ശ്രീക്കുട്ടി ശിവൻ<br>വടക്കേക്കര,മച്ചിപ്ലാവ്<br>അടിമാലി | ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് | 20000 | 15000 | 5000 |
| 4 | അപർണ എ,<br>ആണ്ടാൾകുടി,പള്ളിവാസൽ | ജനറൽ നേഴ്സിംഗ് | 20000 | 15000 | 5000 |
| | | | | ആകെ | 20000 |

സബ്സിഡി മാർഗ്ഗരേഖ പൂർണമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിന് വിരുദ്ധമായി, അധിക തുക അനുവദിച്ചത് നിർവ്വഹണ ഉദ്യേഗസ്ഥനെന്ന നിലയിൽ പട്ടിക ജാതി വികസന ഓഫീസറുടെ വീഴ്ചയാണ്. അധികം തുക അനുവദിച്ചതിന് വിശദികരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 1)മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം തുക നൽകിയത് മൂലം ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം ₹20000/- ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. സമയബന്ധിതമായി വിശദീകരണം നൽകാത്തപക്ഷം ഉത്തരവാദിയായ പട്ടിക ജാതി വികസന ഓഫീസറിൽ നിന്ന് ആയത് ഈടാക്കുന്നതിന് പ്രസ്തുത നിയമത്തിലെ സെക്ഷൻ 16(1) പ്രകാരം സർചാർജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്. നിലവിൽ ₹20,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 ടെണ്ടർ കൂടാതെ ഉപകരണങ്ങൾ വാങ്ങി നൽകി.തടസ്സം

| | |
|---|---|
| പ്രോജക്ട് | ചിത്തിരപുരം സി.എച്ച്.സി യിൽ ജനറേറ്റർ വാങ്ങൽ |
| പ്രോജക്ട് നമ്പർ | 178/2018-19 |
| | |

| | |
|---|---|
| അടങ്കൽ | ₹1000000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,ചിത്തിരപുരം സി.എച്ച്.സി |
| ബിൽ നം | 18/2018-19,27.03.2019,₹616550/- |

ചിത്തിരപുരം സി.എച്ച്.സി-ക്ക് ജനറേറ്റർ വാങ്ങുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ്. പ്രസ്തുത ജനറേറ്റർ പെർഫെക്ട് ഹൗസ് പ്രൈവറ്റ് ലിമിറ്റഡ്, മുംബൈ എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്.

### പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 5 ലക്ഷം രൂപയിൽ കവിയുന്ന വാങ്ങൽ നടപടികളിൽ ഇ-ടെണ്ടർ ക്ഷണിക്കണമെന്ന സർക്കാർ ഉത്തരവ് പാലിക്കാതെയാണ് പ്രസ്തുത സ്ഥാപനത്തിൽ നിന്നും ജനറേറ്റർ വാങ്ങിയിരിക്കുന്നത്

2)ജനറേറ്റർ വാങ്ങുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട ടെക്നിക്കൽ ഉദ്യോഗസ്ഥന്റെ അഭിപ്രായമോ, ആശുപത്രിക്ക് ആവശ്യമായ സ്പെസിഫിക്കേഷനിലുള്ള ജനറേറ്റർ ഏതാണെന്നോ എന്നും, ഏത് കമ്പനിയുടെ ജനറേറ്ററാണ് വാങ്ങേണ്ടത് എന്നും തീരുമാനിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വന്തം നിലയ്ക്ക് ജനറേറ്റർ വാങ്ങിയിരിക്കുന്നത്.

3)ജനറേറ്റർ വാങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചപ്പോൾ അവ സ്ഥാപിക്കുന്നതിനുള്ള തുക ഉൾപ്പെടുത്താതെയാണ് ജനറേറ്റർ വാങ്ങിയിരിക്കുന്നത്.

4)സാമഗ്രികൾ വാങ്ങി ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ തുക ഉൾപ്പെടുത്താതെയാണ് പദ്ധതി ആസൂത്രണം ചെയ്തത്. സാമഗ്രികൾ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് മാന്വലിലെ ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ജനറേറ്റർ വാങ്ങി 9 മാസത്തിനുശേഷമാണ് സ്ഥാപിച്ചിരിക്കുന്നത്.

ജനറേറ്റർ വാങ്ങിയ നടപടികളിൽ, പ്രസ്തുത അപാകതകളുടെ അടിസ്ഥാനത്തിൽ ₹616550/- തടസ്സപ്പെടുത്തുന്നു.

## 1-15 സഹായഹസ്തം-ഡയാലിസിസിന് ധനസഹായം-അനുവദനീയമല്ലാത്ത പദ്ധതി നടപ്പാക്കി തടസ്സം

ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്ക് ധനസഹായം നൽകുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്. പദ്ധതി പ്രകാരം 29 രോഗികൾക്ക് തൻ വർഷം ധനസഹായം നൽകിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ടന്റ്,താലൂക്ക് ആശുപത്രി, അടിമാലി |
| പ്രോജക്ട് നമ്പർ | 92/2018-19 |
| അടങ്കൽ | ₹23,12,000 |

ചെലവ് വിവരങ്ങൾ

| ബിൽ നമ്പർ/ തീയതി | തുക ₹ |
|---|---:|
| 1/2018-19, 30.08.2018 | 302599 |
| 5/2018-19, 09.10.2018 | 222488 |
| 8/2018-19, 09.10.2018 | 4000 |
| 12/2018-19, 21.10.2018 | 101965 |
| 15/2018-19, 15.10.2018 | 4000 |
| 18/2018-19, 28.11.2018 | 102000 |
| 19/2018-19, 30.11.2018 | 4000 |
| 25/2018-19, 28.12.2018 | 4000 |
| 26/2018-19, 28.12.2018 | 102045 |
| 30/2018-19, 30.01.2019 | 121196 |
| 33/2018-19, 12.02.2019 | 3160 |
| 34/2018-19, 16.02.2019 | 5440 |
| 40/2018-19, 27.03.2019 | 112987 |
| ആകെ | 1089880 |

29.03.2017 ലെ ജി .ഒ (എം.എസ്) നം.72/2017/തസ്വഭവ പ്രകാരം 2017-18 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗരേഖയിൽ സർക്കാർ ആശുപത്രികളിലെ ഡയാലിസിസ് കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കാമായിരുന്നു. എന്നാൽ 2018-19 വർഷത്തേക്ക് ബാധകമായ 29.01.2018 ലെ ജി.ഒ (എം.എസ്) നം.11/2018/തസ്വഭവ പ്രകാരമുള്ള പദ്ധതി മാർഗരേഖയിൽ ഇപ്രകാരമുള്ള പദ്ധതി ഏറ്റെടുക്കുവാൻ അനുവദിക്കപ്പെട്ടിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്തതും പദ്ധതി മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്തതുമായ പദ്ധതി ഏറ്റെടുക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുവാദം ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 5 )ക്ക് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ₹1089880/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-16 ജലസേചനപദ്ധതി-കുളം നിർമ്മാണം-അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് തൻവർഷം വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ചതാണ് ചുവടെ വിവരിക്കുന്ന ജലസേചന കുളങ്ങൾ.

| ക്രമ നം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക ₹ | ബില്ലിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | എസ് 059/2019 | കൈലാസം കുന്നനാനി ഭാഗം ജലസേചനക്കുളം | 427994 | 47/2018-19/ തീ.24.01.2019 |
| 2 | എസ് 108/2019 | മുള്ളരിക്കുടി SNDP ഭാഗം ജലസേചനക്കുളം | 485742 | 06/2018-19/ തീ.31.07.2018 |
| 3 | എസ് 175/2019 | പണിക്കൻകുടി പർണായിസിറ്റി ഭാഗം ജലസേചനക്കുളം | 445176 | 51/2018-19/ തീ.19.03.2019 |
| 4 | എസ് 120/2019 | പെരിഞ്ചാംകുട്ടി കൈലാസം ഭാഗം ജലസേചനക്കുളം | 675356 | 13/2018-19/ തീ.31.07.2018 |
| 5 | എസ് 127/2019 | ആറുകാട് ഗാന്ധിനഗർ പവർഹൗസ് ഭാഗം ജലസേചനക്കുളം | 945990 | 68/2018-19/ തീ.26.03.2019 |
| 6 | എസ് 147/2019 | പറന്താനത്ത് ഭാഗം ജലസേചനക്കുളം | 730676 | 59/2018-19/ തീ.19.03.2019 |
| | | ആകെ | 3710934 | |

ബ്ലോക്ക്പഞ്ചായത്തിന്റെ വിവിധ ഡിവിഷനുകളിലായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃസമിതികൾ രൂപീകരിച്ച് , പ്രോജക്ടിന്റെ നിർവ്വഹണം, തുടർനടത്തിപ്പ് , സംരക്ഷണം എന്നിവ ഉറപ്പാക്കിയതിന് ശേഷമാണ് നിർമ്മാണപ്രക്രിയയിലേക്ക് കടക്കേണ്ടത്. ഇതിന് വേണ്ടി ഗ്രാമസഭകളിൽ ആവശ്യമുള്ള സംയോജിത പദ്ധതിയെന്ന നിലയിൽ നിർവ്വഹണ സഹായത്തിന് ഗ്രാമപഞ്ചായത്തുകൾ അപേക്ഷ സമർപ്പിച്ചതായോ രേഖകളില്ല. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അന്യാധീനപ്പെടാതെയും നശിക്കപ്പെടാതെയും സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ ഗുണഭോക്തൃസമിതികളുടെ തെരഞ്ഞെടുപ്പ്, അവർ പഞ്ചായത്തുമായി ഏർപ്പെടേണ്ട കരാറുകൾ എന്നിവ ഒഴിവാക്കി ബ്ലോക്ക് പഞ്ചായത്ത് സ്വമേധയാ നേരിട്ട് പ്രോജക്ടുകളുടെ നിർവ്വഹണം നടത്തിയതായി കാണുന്നു.

2. കൃഷി ഓഫീസർ നൽകേണ്ട പ്രസ്തുത ആയക്കെട്ട് പ്രദേശമാണെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ജലസേചനമാവശ്യമായ പ്രദേശത്തിന്റെ വിസ്തൃതി നിർണയിച്ച് അതിന് പര്യാപ്തമായ അളവിൽ ജലലഭ്യതയുള്ള സ്രോതസ് നിർമ്മിക്കുകയും അനുബന്ധമായി സംഭരണി, പമ്പ് ഹൗസ്, പൈപ്പ് ലൈൻ, മോട്ടോർ, വൈദ്യുതി കണക്ഷൻ എന്നിവ സജ്ജമാക്കുന്നതുമാണ് ഒരു ജലസേചന പദ്ധതിയുടെ നിർമാണത്തിലെ വിവിധ ഘട്ടങ്ങൾ. ഇതിന് ഏറെ പണച്ചെലവുള്ളതിനാൽ ബഹുവർഷ പ്രോജക്ടായാണ് ഇത്തരം പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ ആകെ അടങ്കലും ഓരോ വർഷവും

വകയിരുത്തേണ്ടതായ തുകയും (ത്രിതല തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾ, ഇതരസ്രോതസുകൾ എന്നിവയിൽനിന്ന് പ്രതീക്ഷിക്കാവുന്ന തുകകൾ ഉൾപ്പടെ) നിർണയിച്ച് അതിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തനഘട്ടങ്ങളുമായി മുന്നോട്ട് പോകേണ്ടത്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഈ രീതിയിലുള്ള യാതൊരു ആസൂത്രണവും നടത്താതെ ( ചില പ്രോജക്ടുകളുടെ ഫയലിൽ ആയക്കെട്ട് സാക്ഷ്യപത്രം ഉൾപ്പെടുത്തിയതൊഴികെ) ഏകവർഷ പദ്ധതിയെന്ന നിലയിൽ കുളം നിർമാണത്തിൽ പ്രോജക്ടുകൾ അവസാനിപ്പിക്കുകയാണുണ്ടായത്.

3. പ്രോജക്ടുകൾ പ്രകാരമുള്ള കുളങ്ങളെല്ലാം സ്വകാര്യവ്യക്തികളുടെ പുരയിടത്തിലാണ് നിർമ്മിച്ചത്. ഇത്തരത്തിലുള്ള നിർമ്മാണം നടക്കുന്നതായ യാതൊരു വിവരവും പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധീകരിച്ചിരുന്നില്ലായെന്ന് സ്ഥലം സന്ദർശിച്ചപ്പോൾ അറിയാൻ കഴിഞ്ഞു.

4. നിർമ്മിക്കപ്പെട്ട കുളങ്ങൾ സ്ഥലമുടമകൾ സ്വകാര്യ ആസ്തിയായി പരിഗണിച്ച് ഉപയോഗിച്ചുവരുന്നതായി പ്രാദേശിക പരിശോധനയിൽ കണ്ടു. ഒരു മോട്ടോർ വീതമാണ് ഓരോ കുളത്തിലും സ്ഥാപിച്ചിട്ടുള്ളത്. അതിലൂടെ ലഭ്യമാകുന്ന ജലം പ്രസ്തുത വ്യക്തികളുടെ ഗാർഹിക ആവശ്യത്തിനും കൃഷി ആവശ്യത്തിനും മാത്രം ഉപയോഗിക്കുന്നു. ഉദാഹരണമായി, മുള്ളരിക്കുടി – SNDP ഭാഗം ജലസേചനക്കുളം നിർമ്മിച്ചിരിക്കുന്നത് ശ്രീ.ജോയി കുര്യൻ കല്ലോലിയ്ക്കൽ എന്നയാളുടെ വീടിന്റെ പിൻവശത്താണ്. (ചെലവ് ₹4,85,742/-). 8.45 മീ. x 8.55 മീ. x 3.5 മീ. അളവുകളിൽ നിർമ്മിക്കപ്പെട്ട കുളത്തിൽനിന്നുള്ള ജലം ഇദ്ദേഹം മാത്രമാണ് ഉപയോഗിച്ചു വരുന്നത്. (ഇതേ പുരയിടത്തിൽ 1999-ൽ നിർമ്മിച്ച ഒരു കിണറിൽനിന്ന്, സമീപമുള്ള ഗവ. എൽ.പി സ്കൂളിലേക്ക് വെള്ളമെടുക്കുന്നുണ്ട്.) രൂക്ഷമായ ജലക്ഷാമം നേരിടുന്ന ഈ പ്രദേശത്ത് അനേകം കുടുംബങ്ങൾ താമസിക്കുന്നുണ്ടെങ്കിലും പൊതു മുതൽ വിനിയോഗിച്ചാണ് കുളം നിർമ്മിച്ചതെന്ന വസ്തുത അറിയാതെ അതിന്റെ പ്രയോജനം പ്രദേശവാസികൾക്ക് ലഭിച്ചിട്ടില്ല.

5. ജലസേചനക്കുളം നിർമിക്കുന്നതിന് വിട്ടുകിട്ടിയ സ്ഥലങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓരോ പ്രോജക്ടിനും വേണ്ടി സറണ്ടർ ചെയ്തു കിട്ടിയ സ്ഥലങ്ങളുടെ വിവരങ്ങൾ

| ക്രമ നം | പ്രോജക്ടിന്റെ പേര് | സ്ഥലം സറണ്ടർ ചെയ്ത വ്യക്തിയുടെ വിലാസം | സ്ഥലത്തിന്റെ വിവരണം | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|
| 1 | കൈലാസം കുന്നനാനി ഭാഗം ജലസേചനക്കുളം | ശ്രീ.പി.കെ.ഷൈൻ പാലയ്ക്കാപ്പറമ്പിൽ കൊന്നത്തടി | കൊന്നത്തടി വില്ലേജിലെ സർവ്വേ നം.1/1-ൽ പ്പെട്ട 2 സെന്റ് സ്ഥലവും വഴിയും | |
| 2 | മുള്ളരിക്കുടി SNDP ഭാഗം ജലസേചനക്കുളം | ശ്രീ.ജോയി കുര്യൻ കല്ലോലിയ്ക്കൽ , മുള്ളരിക്കുടി | സറണ്ടർ ഫോമിൽ സ്ഥലത്തിന്റെ വിവരണമില്ല. (രണ്ട് സെന്റ്) | |
| 3 | പണിക്കൻകുടി പർണായി സിറ്റി ഭാഗം ജലസേചനക്കുളം | - | - | സ്ഥലം സറണ്ടർ ചെയ്ത യാതൊരു വിവരവും ഫയലിൽ ഇല്ല |
| 4 | പെരിഞ്ചാംകുട്ടി കൈലാസം ഭാഗം ജലസേചനക്കുളം | ശ്രീ.പി.എസ്.സന്തോഷ് പാറപ്പുറത്ത് കൊന്നത്തടി | സറണ്ടർ ഫോമിൽ സ്ഥലത്തിന്റെ വിവരണമില്ല. സ്ഥലവും വഴിയും എന്നു മാത്രം പരാമർശം | |
| 5 | ആറ്റുകാട് ഗാന്ധിനഗർ പവർഹൗസ് ഭാഗം ജലസേചനക്കുളം | ശ്രീമതി. ഗോമതി രാമർ പവർ ഹൗസ് പള്ളിവാസൽ | പള്ളിവാസൽവില്ലേജിലെ സർവേ നം.19/1-ൽപ്പെട്ട 2 സെന്റ് സ്ഥലവും 3 അടി വഴിയും | |
| 6 | പറന്താനത്ത് ഭാഗം ജലസേചനക്കുളം | ശ്രീ.ഫ്രാൻസിസ് ജോസഫ് അടിച്ചിലമാക്കൽ, അടിമാലി | ബൈസൺവാലി വില്ലേജിലെ സർവേ നം.81/3-ൽപ്പെട്ട 3 സെന്റ് | |

ബ്ലോക്ക് പഞ്ചായത്തിന് സറണ്ടർ ചെയ്ത് കിട്ടിയ സ്ഥലങ്ങൾ നിയമാനസൃതം കൈവശപ്പെടുത്തി ആസ്തികൾക്കൊപ്പം ചേർക്കാത്ത നടപടിയും ക്രമ നം.3-ൽ പരാമർശിക്കുന്ന വ്യക്തിയുടെ സമ്മതപത്രമില്ലാതെ കുളം നിർമിച്ച നടപടിയും ക്രമപ്രകാരമുള്ളതല്ല.

സ്വകാര്യ വ്യക്തികൾക്ക് പൊതുധനം വിനിയോഗിച്ച് കുളം നിർമ്മിച്ച് നൽകുക മാത്രമായിരുന്നു പ്രസ്തുത പദ്ധതികളുടെ ലക്ഷ്യമെന്ന് മേൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകളിൽനിന്ന് വ്യക്തമാണ്. തുടർന്നുള്ള വർഷം പൂരകമായി പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ലായെന്നത് ഈ വാദഗതിയെ സാധൂകരിക്കുന്നു. ആകയാൽ ഇവയ്ക്കുവേണ്ടി ചെലവഴിച്ച ₹37,10,934/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർപദ്ധതികൾ വരും സാമ്പത്തികവർഷങ്ങളിൽ ആവിഷ്കരിച്ച് ജലസേചനപദ്ധതികൾ എന്ന നിലയിൽ അവ കമ്മീഷൻ ചെയ്യാത്തപക്ഷം പ്രസ്തുത ചെലവ് നിർവഹണ ഉദ്യോഗസ്ഥന്റെയും പ്രോജക്ടിന് ഭരണാനുമതി നൽകിയ ഭരണസമിതി അംഗങ്ങളുടെയും വ്യക്തിപരമായ ബാധ്യതയായി പരിഗണിച്ച് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-17 വനിതാകേന്ദ്രങ്ങൾ നിഷ്ക്രിയ ആസ്തികളായി

ബ്ലോക്ക് പഞ്ചായത്ത് 12-ാം പഞ്ചവത്സരപദ്ധതി കാലയളവിൽ നിർമാണം ആരംഭിച്ചതും തൻവർഷം പൂർത്തീകരിച്ചതുമായ താഴെപ്പറയുന്ന കെട്ടിടങ്ങൾ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടങ്ങളുടെ പേര് | സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | നായ്ക്കുന്ന് വനിതാകേന്ദ്രം. | വെള്ളത്തൂവൽ |
| 2 | 20 ഏക്കർ വനിതാകേന്ദ്രം. | ബൈസൺവാലി |
| 3 | മുട്ടുകാട് വനിതാകേന്ദ്രം. | ബൈസൺവാലി |
| 4 | നെല്ലിപ്പാറ വനിതാകേന്ദ്രം. | അടിമാലി |
| 5 | കാഞ്ഞിരവേലി വനിതാകേന്ദ്രം. | അടിമാലി |
| 6 | ചിന്നപ്പാറക്കുടി വനിതാകേന്ദ്രം. | അടിമാലി |
| 7 | മന്നാകാല വനിതാകേന്ദ്രം. | അടിമാലി |
| 8 | കരിമല വനിതാകേന്ദ്രം. | കൊന്നത്തടി |

എ) കെട്ടിടങ്ങൾ നിർമ്മിച്ചുവെങ്കിലും അവ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെ ഉടമസ്ഥാവകാശരേഖകൾ വ്യക്തമല്ല. ആസ്തി രജിസ്റ്ററിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകളുമില്ല.

ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമാണം പൂർത്തീകരിച്ചെങ്കിലും ഒരിടത്തൊഴികെ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാനുതകുംവിധം പ്രവർത്തനങ്ങളാരംഭിച്ചിട്ടില്ല. ഫലത്തിൽ ലക്ഷങ്ങൾ മുതൽ മുടക്കിയ നിർമിതികൾ നിഷ്ക്രിയ ആസ്തികളായി പരിണമിച്ചിരിക്കുകയാണ്.

സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നിയമപരമായി കൈവശപ്പെടുത്താനും, നിർമിച്ച കെട്ടിടങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാനും നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ചെറുകിട സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുവാനും വിഭവശേഷി പ്രയോജനപ്പെടുത്തുവാനും വനിതകൾ വൈമുഖ്യം പ്രകടിപ്പിക്കുന്ന സാഹചര്യത്തിൽ, ഭാരിച്ച ചെലവുകളുള്ള ഇത്തരം പ്രോജക്ടുകൾ ഭാവിയിൽ ഏറ്റെടുക്കേണ്ടതുണ്ടോയെന്ന് വിലയിരുത്തേണ്ടതാണ്. ഭരണസമിതിയുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-18 പ്രധാൻമന്ത്രി ആവാസ് യോജന

ഗ്രാമീണമേഖലയിലെ ഭവന നിർമ്മാണ പദ്ധതിയായ പ്രധാൻമന്ത്രി ആവാസ് യോജന നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ പ്രധാന വസ്തുതകൾ ചുവടെ ചേർക്കുന്നു.

### എ) ഭവന നിർമ്മാണ പദ്ധതി പൂർത്തിയായില്ല

2016-17 വർഷം ആരംഭിച്ച പ്രസ്തുത പദ്ധതി 2018-19-ൽ പൂർത്തിയാകേണ്ടിയിരുന്നു. ബ്ലോക്ക്പഞ്ചായത്തിന് കീഴിലുള്ള 5 ഗ്രാമപഞ്ചായത്തുകളിലെ അർഹരെന്ന് കണ്ടെത്തിയ 141 ഗുണഭോക്താക്കളിൽ 134 പേർ ഇതിനോടകം ഭവന നിർമ്മാണം പൂർത്തീകരിച്ചു. അവശേഷിക്കുന്ന ഏഴ് പേരിൽ നാല് പേരുടെ ഗൃഹനിർമാണം പുരോഗമിച്ചുവരവെ, 2018 ഓഗസ്റ്റിൽ സംഭവിച്ച പ്രളയത്തിൽ സ്ഥലമടക്കം നശിക്കുകയുണ്ടായി. തുടർന്നും അവർ അതേ സ്ഥലത്ത് വീണ്ടും പണി ആരംഭിക്കാൻ തയ്യാറായിരുന്നുവെങ്കിലും പാരിസ്ഥിതിക ഭീഷണി ചൂണ്ടിക്കാട്ടി സർക്കാർ അത് വിലക്കിയതായി അധികൃതർ അറിയിച്ചു. പുതുതായി ഭവനം അനുവദിച്ച ഒരു വ്യക്തിയുടെ

വീട്ടുപണി നടന്നുവരികയാണ്. ബാക്കിയുള്ള 2 ഗുണഭോക്താക്കൾ ആദ്യഗഡുക്കൾ കൈപ്പറ്റിയ ശേഷം പണികൾ പൂർത്തീകരിക്കുവാൻ നിലവിൽ വിസമ്മതിച്ചിരിക്കുകയാണ്. ഭവന നിർമാണം പൂർത്തിയാക്കാത്തപക്ഷം കൈപ്പറ്റിയ തുക തിരികെ അടയ്ക്കേണ്ടി വരുമെന്ന മുന്നറിയിപ്പ് നോട്ടീസ് 17.8.2019-ലെ ഡി-453/19പ്രകാരം അവർക്ക് നൽകിയതായി കാണുന്നുവെങ്കിലും ആയതിൽ തുടർ നടപടികളില്ല. പ്രസ്തുത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

ആകെ സബ്സിഡി :-400,000/-

| പ്രോജക്ട് വർഷം | ഗുണഭോക്താവിന്റെ പേര് | രജി.നമ്പർ | കൈപ്പറ്റിയ തുക | | ആകെ |
|---|---|---|---|---|---|
| | | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം (LSGIവിഹിതം) | |
| 2016-17 | ശ്രീമതി.ദേവകി വിജയൻ | KL1050921 | 96000 | 262000 | 358000 |
| 2017-18 | ശ്രീ.ജോൺ .കെ. അഗസ്റ്റിൻ | KL1073572 | 96000 | 272000 | 368000 |

പ്രസ്തുത ഗുണഭോക്താക്കൾക്ക് വേണ്ട മാർഗനിർദ്ദേശങ്ങൾ ഭരണസമിതി തലത്തിൽ നൽകി ഭവന നിർമാണം പൂർത്തീകരിക്കാൻ ശ്രമിക്കേണ്ടതും വിമുഖത തുടരുന്ന പക്ഷം തുക തിരികെ ഈടാക്കുന്നതിന് നിയമനടപടികൾ ആരംഭിക്കേണ്ടതുമാണ്.

പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് അത് പുനർ നിർമിക്കാനാവശ്യമായ നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്. പുതുതായി സ്ഥലം കണ്ടെത്തേണ്ടപക്ഷം അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക അതിനായി വിനിയോഗിക്കാവുന്നതാണ്. ഭരണസമിതിയുടെ സജീവ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

<u>ബി) PMAY ബാങ്ക് അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ്.</u>

പ്രസ്തുത പദ്ധതിയുടെ സംസ്ഥാനവിഹിതം (തദ്ദേശസ്വയംഭരണ സ്ഥാപനവിഹിതം) നിക്ഷേപിക്കുന്നതിന് യൂണിയൻ ബാങ്ക് അടിമാലി ശാഖയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിന്റെ (നം352502010052410) 22.01.2020 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം ₹90,08,783/- നീക്കിയിരിപ്പുണ്ട്. കേന്ദ്രവിഹിതത്തിനുള്ള ബാങ്ക് അക്കൗണ്ടിൽ തുകയൊന്നും ബാക്കിയില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നവർക്കുൾപ്പടെ അനുവദിക്കാൻ പരമാവധി 25ലക്ഷം രൂപ മാത്രമാണ് ആവശ്യമായി വരിക. ആകയാൽ അവശേഷിക്കുന്ന തുകയിൽ വിനിയോഗസാധ്യതയുള്ളത് മാത്രം നിലനിർത്തി ബാക്കി തുക സമാന ആവശ്യത്തിന് സ്വീകരിച്ച് വായ്പ്പത്തുക ഒടുക്കുന്നതിനോ അതിന് ആവശ്യമില്ലാത്തപക്ഷം സർക്കാരിലേക്ക് തിരികെ അടയ്ക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം 2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

-ഇല്ല-

## ഭാഗം 3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

-ഇല്ല-

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.05.2019 & 23.05.2019 | കെ.എസ് .എ-ഐ.ഡി.കെ-3/521(1) /2019 തീയതി.16.08.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക₹ | തൻവർഷം ലഭിച്ച തുക ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ ₹ | പലിശ ₹ | |
| ഇ എം എസ് ഭവന നിർമ്മാണ പദ്ധതി | ലഭ്യമല്ല | ലഭ്യമല്ല | 3513950 | 0 | 2749000 | 0 | 764950 |
| ഐ എ വൈ ലോൺ | ലഭ്യമല്ല | ലഭ്യമല്ല | 750000 | 0 | 0 | 0 | 750000 |

ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകൾ ലോൺ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 3-1 | 2017-18 | അനുബന്ധം-7 | നിക്ഷേപ വേല പൂർത്തീകരിച്ചിട്ടില്ല. | തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

### (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

### (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ്/തുക ₹ | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|

| | | | | | | | ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല). | (തീയതി) | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1997-98 | 22 & 23 | ശ്രീ.ശ്രീധരൻ നായർ സെക്രട്ടറി | LF.28526/ Spl.Cell/ SC2/2000, 26.7.2002 | 715 | | ഇല്ല | | | | | 715 | |
| | 1999-00 | 20 & 21 | ശ്രീ. എം.എ.സുകുമാരൻ, സെക്രട്ടറി | LF.2644/ Spl.Cell/ SC2/2005, 2.1.06 | 10450 | | ഇല്ല | | | | | 10450 | |
| | 2000-01 | 2,3,4,6, 9,10,12 | ശ്രീ. ടി.ആർ.രാജശേഖരൻ സെക്രട്ടറി | LF.10638/ Spl.Cell/ SC2/2005, 5.4.06 | 31489 | | ഇല്ല | | | | | 31489 | |
| | 2000-01 | 8 (PART) | ശ്രീ. എം.സോമനാഥൻ, ബി.ഡി.ഒ | LF.10638/ Spl.Cell/ SC2/2005,3.7.06 | 500 | | ഇല്ല | | | | | 500 | |
| | 2000-01 | 8 (PART) | ശ്രീ. ടി.ആർ.രാജശേഖരൻ സെക്രട്ടറി | LF.10638/ Spl.Cell/ SC2/2005, 3.7.06 | 3500 | | ഇല്ല | | | | | 3500 | |
| | 2001-02 | 4,5,6 | ശ്രീ. ആർ.വിശ്വംഭരൻ, അസി.എൻജിനീയർ | LF.4969/ Spl.Cell/ SC2/2006, 6.11.06/9.2.07 | 7463 | | ഇല്ല | | | | | 7463 | |
| | 2002-03 | 3-5 & 3-6(PART) | ശ്രീ. ആർ.വിശ്വംഭരൻ, അസി.എൻജിനീയർ | LF.6046/ Spl.Cell/ SC2/2006, 4.5.2007 | 2416 | | ഇല്ല | | | | | 2416 | |
| | 2002-03 | 3-6(PART) | ശ്രീ. കെ.കുമാരസാമി പിള്ളൈ അസി.എൻജിനീയർ | LF.6046/ Spl.Cell/ SC2/2006, 4.5.2007 | 702 | | ഇല്ല | | | | | 702 | |
| | 2003-04 | 3-7 & 3-8 | ശ്രീ.ജോസഫ് മാത്യു സെക്രട്ടറി | LF.9070/ Spl.Cell/ SC2/2009, 19.10.2010 | 58450 | | ഇല്ല | | | | | 58450 | |
| | 2005-06 | 3-10, 11,12,13, 14,15,16 | ശ്രീ.ജോസഫ് മാത്യു സെക്രട്ടറി | LF.9070/ Spl.Cell/ SC2/2006, 09.9.09 | 78081 | | ഇല്ല | | | | | 78081 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹78292066 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹95118652 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1726430 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 20,000 | ശ്രീ.ഷൈൻ എൻ.പി,പട്ടികജാതി വികസന ഓഫീസർ |
| 1-14 | 616550 | ഡോ.ഷെർലിൻ മേരി മാത്യു |

| | | |
|---|---|---|
| | | മെഡിക്കൽ ഓഫീസർ സി എച്ച് സി, ചിത്തിരപുരം |
| 1-15 | 1089880 | ഡോ.സത്യബാബു എൻ.വി.<br>സൂപ്രണ്ട് (അധിക ചുമതല)താലൂക്ക് ആശുപത്രി, അടിമാലി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ ഷെർലിൻ മേരി മാത്യൂ<br>മെഡിക്കൽ ഓഫീസർ<br>സി എച്ച് സി, ചിത്തിരപുരം | ലഭ്യമല്ല | മലയാറ്റൂർ പരിവാനിക്കൽ<br>കോഴഞ്ചേരി<br>പത്തനംതിട്ട-689641 |
| ഡോ. സത്യബാബു എൻ വി<br>സൂപ്രണ്ട്(അധിക ചുമതല)<br>താലൂക്ക് ആശുപത്രി അടിമാലി | മെഡിക്കൽ ഓഫീസർ<br>താലൂക്ക് ആശുപത്രി,<br>അടിമാലി, | നെടുംപിള്ളിൽ<br>കാംകോ ജംഗ്ഷൻ<br>അടിമാലി പി.ഒ |
| ശ്രീ.ഷൈൻ.എൻ.പി<br>പട്ടികജാതി വികസന ഓഫീസർ | അടമാലി ബ്ലോക്ക് | നെട്ടമ്പുറത്ത്<br>ഞൊറിപ്പാലം<br>രാജകുമാരി സൗത്ത് പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1997-98 | എൽ.എഫ്.ഐ 4/179/ 13, 02.08.13 | 11 | 20,22,23,24,25,<br>26,27,28,29,31,32 |
| 1998-99 | എൽ.എഫ്.ഐ 4/179/ 13, 02.08.13 | 16 | 17(1)(3)(5),19,20,21,<br>22,23, 24,25,26,<br>27,28,29,30,31, |
| 1999-2000 | എൽ.എഫ്.ഐ 4/710/ 09, 15.9.09 | 20 | 15,16,17(1),(2),<br>18,19,20, 21,22, 23,24,<br>25,26,27,28,29,<br>30,31,32,34, |
| 2000-01 | എൽ.എഫ്.ഐ 3/455/03, 15.9.04 | 12 | 2.1,2.2,2.3,2.4,<br>2.5,2.6, 2.7,2.8,<br>2.9,2.10,2.11,2.12, |
| 2001-02 | എൽ.എഫ്.ഐ 4/617/05, 06.12.05 | 10 | 2.1,2.2(a)(b)(c),<br>2.3,2.4,2.5,2.6,2.7,2.8 |
| 2002-03 | എൽ.എഫ്.ഐ 4/660/05, 31.12.05 | 6 | 3.1,3.2,3.3,3.4,3.5,3.6,, |
| 2003-04 | എൽ.എഫ്.ഐ 4/393/05, 12.12.05 (AR) | 19 | 3.1,3.2,3.3,3.4,<br>3.5,3.6,3.7,3.8,<br>3.9,3.10,3.11,3.12, |

| | | | |
|---|---|---|---|
| | | | 3.13,3.14,3.15,<br>3.16,3.17,3.18,3.19, |
| 2004-05 | എൽ.എഫ്.ഐ 4/188/08, 14.10.08 | 6 | 3.2(1)(2),3.3,3.4,3.5(a)(b) |
| 2005-06 | എൽ.എഫ്.ഐ 4/516/08, 14.05.08 (AR) | 13 | 3.1,3.2,3.3,3.4,<br>3.5,3.6,3.7,3.8,3.9,<br>3.10,3.11,3.12,3.13, |
| 2006-07 | എൽ.എഫ്.ഐ 4/1151/ 2009, 8.3.10,03.4.10 | 13 | 3.1,3.2,3.3,3.4,3.5,<br>3.6,3.7,3.8,3.9,<br>3.10,3.11,3.12,3.13, |
| 2007-08 | എൽ.എഫ്.ഐ 4/ 748/ 2010, 19.3.11 | 9 | 2.1,2.2, 3.3,3.4,<br>3.6,3.7,3.8,3.9,3.10, |
| 2008-09 | എൽ.എഫ്.ഐ 4/402/2012 10.05.12 | 5 | 2.1, 3.1,3.2,3.3,3.8, |
| 2009-10 | എൽ.എഫ്.ഐ 4/411/2012 10.5.12 | 6 | 2.1,2.2, 3.1,<br>3.2,3.3,3.5, |
| 2010-11 | എൽ.എഫ്.ഐ 4/17/2014, 10.3.14 | 5 | 3.1,3.2,3.3,3.4,3.5, |
| 2011-12&2012-13 | എൽ.എഫ്.ഐ11/946/14, 8.12.14 | 18 | 3.1,3.2,3.3,3.4,3.5,<br>3.6,3.7,3.8,3.9,<br>3.10,(2,3,4,5,6,7,8,9,),<br>3.11, |
| 2013-14&<br>2014-15 | കെ.എസ്.എ.ഐ.ഡി.കെ- 11/130/ 18,08.3.18 | 8 | 3.1,3.2,3.3,3.4,<br>3.5,3.6,3.7,3.8 |
| 2015-2016 | കെ.എസ്.എ.ഐ.ഡി.കെ- 11/1684/ 17,<br>27.4.18 | 10 | 2.1, 3.2,3.3,<br>3.4,3.5(1)(2)(3),<br>3.6(a)(b),3.7 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ- 11/227/ 18,07.5.18 | 8 | 2.1,2.2,3.1,3.2,<br>3.3,3.5,3.9,3.10, |
| 2017-18 | കെ എസ് എ ഐ ഡി കെ- 11/ 193/2019<br>തീയതി 25.3.2019 | 14 | 1-12, 2-1, 2-2, 3-2, 3-3,<br>3-4, 3-5, 3-6, 3-7, 3-8,<br>4-3, 4-8, 4-9, 4-10 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ-ഐ.ഡി.കെ-11/210/2020

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ഓഡിറ്റ് കാര്യാലയം, തൊടുപുഴ,
തീയതി:20.03.2020
Ph : 04862-227332
E-mail : doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

<u>Annexure – 1</u>

## <u>AUDIT CERTIFICATE</u>

No.KSA-IDK-11/210/2020

Office of the Senior Deputy Director of
Kerala State Audit Department

District Office, Idukki
Thodupuzha – 685 584
Date. 20.03.2020

Phone : 04862-227332

E-mail : doidk.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Adimaly Block Panchayat in Idukki District for the year ended on 31.03.2019 in accordance with

Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the Govt. Order (Rt.)1413/ 2018/LSGD dated 22.05.2018, and the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of Adimaly Block Panchayat for the 2018-19, except the observations in my Audit Report Properly presence in the picture of Income and Expenditure.

SENIOR DEPUTY DIRECTOR
IDUKKI